പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2194

20.06.2012-ൽ മറുപടിയ്ക്ക്

## ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. കെ. മുരളീധരൻ
ശ്രീ. വി.പി. സജീന്ദ്രൻ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ശബരിമല തീർത്ഥാടനം അപകടരഹിതവും മാലിന്യ രഹിതവും ചൂഷണ രഹിത വുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊ ള്ളാനുദ്ദേശിക്കുന്നത്; വിശദ മാക്കുമോ; | (എ) ശബരിമല തീർത്ഥാടനം അപകടരഹിതവും മാലിന്യരഹിതവും ചൂഷണരഹിതവുമാക്കുന്നതിന് വേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും മാസ്റ്റർ പ്ലാനിന് വേണ്ടിയുള്ള ഹൈപവർ കമ്മിറ്റിയും വിവിധ ഡിപ്പാർട്ട്മെൻറുകളുമായും സഹകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2011-2012 വർഷത്തിലെ ബഡ്ജറ്റിൽ ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾ ക്കായി സീറോ വേസ്റ്റ് മാനേജ്മെൻറ് പ്രോഗ്രാം എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയിരുന്നു. മാലിന്യമുക്ത ശബരിമല എന്ന ലക്ഷ്യത്തോടെ 7/11/2011 മുതൽ 5 ദിവസം മാതാ അമൃതാനന്ദമയീമഠം, സത്യസായി സേവാ സമിതി, നാഷണൽ സർവ്വീസ് സ്കീം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി, അഖില ഭാരത അയ്യപ്പ സേവാ സംഘം തുടങ്ങിയ സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കൂടാതെ പത്തനംതിട്ട ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ശബരിമല സാനിട്ടേഷൻ സൊസൈറ്റിയും സീസൺ കാലയളവിൽ ശുചീകരണ പ്രവർത്തികൾ നടത്തി യിരുന്നു. തീർത്ഥാടകരുടെ സുരക്ഷയ്ക്കായി ഒരു കരട് സേഫ്റ്റി മാന്വൽ തയ്യാറാക്കി ഈ കഴിഞ്ഞ സീസണിൽ വളരെ വിജയകരമായി നടപ്പിലാക്കി യിട്ടുണ്ട്. അതിൻെറ കുറവുകൾ പരിഹരിച്ച് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. |

...2/

| | | | |
|---|---|---|---|
| (ബി) | ശബരിമലക്കു വേണ്ടി ഒരു മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്ത് ഒരു ബൃഹദ് പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ആലോചനയിലുണ്ടോ; വിശദമാക്കുമോ; | (ബി), (സി), & (ഡി) | ശബരിമലയുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതിലെ ശുപാർശകൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | മാസ്റ്റർ പ്ലാൻ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | | |
| (ഡി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ? | | |

സെക്ഷൻ ഓഫീസർ